ആമുഖം

സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സമഗ്രവും സമാധാനപൂർണ്ണവുമായ ഒരു വികസന നയമാണ് നമ്മൾ അനുവർത്തിച്ചു വരുന്നത്. ഭാവികാലത്തെ കരുതിയുള്ള ആശയാവിഷ്കാരങ്ങളാണ് നമ്മൾ വിഭാവനം ചെയ്യേണ്ടത്. നമ്മൾ കെട്ടിപ്പെടുത്തിയ വികസന പാതകളും പദ്ധതികളുമെല്ലാം യഥാസ്ഥികവും പിന്തിരിപ്പൻ സാമൂഹ്യ ക്രമങ്ങളെയും ശക്തമായി നേരിട്ടുകൊണ്ടാണ്.

ഫെഡറൽ സംവിധാനത്തിൽ വരുമാനം ഉണ്ടാക്കുന്നതിനു ആവശ്യമായ സ്വതന്ത്ര സമീപനങ്ങൾ എടുക്കുന്നതിനു സംസ്ഥാന ഭരണകൂടങ്ങളെ വിലക്കുന്ന അമിത അധികാര കടന്നുകയറ്റങ്ങളുടെ നാടായി നമ്മുടെ രാജ്യം മാറിയിരിക്കുന്നു. കൃത്യമായി രേഖപെടുത്താവുന്ന മേഖലകളിൽ നിന്ന് ലഭിക്കുന്ന മനുഷ്യ അധ്വാനത്തിന്റെ ഭാഗമായ വരുമാന വിഹിതമാണ് ഖജനാവിന്റെ വലിപ്പം നിർണ്ണയിക്കുന്നത്. പദ്ധതി വിഹിതം അനുവദിക്കുന്നതിൽ വിവിധ സംസ്ഥാനങ്ങളോട് വിവേചനം കാണിക്കുന്ന സമീപനമാണ് കുറച്ചു നാളുകളായി കണ്ടുകൊണ്ടിരിക്കുന്നത്. ജനപക്ഷം ചേർന്നുനിൽക്കുന്ന ഒരു ജനകീയ ഭരണസ്ഥാപനം എന്ന നിലയില് കഴിഞ്ഞ കാലങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ കലാ, സാംസ്കാരിക, ദാരിദ്ര്യ ലഘൂകരണ രംഗങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ 1240 കിടക്കകൾ അടങ്ങിയ നൂതന സജ്ജീകരണത്തോടുകൂടിയ കേരളത്തിലെ ഏറ്റവും വലിയ സി.എഫ്.എൽ.ടി.സി സജ്ജീകരിച്ചുകൊണ്ട് മാതൃകപരമായ പ്രവർത്തനം ബ്ലോക്ക്പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളതാണ്. പ്രളയവും കോവിഡും നിരവധി തൊഴിൽ മേഖലകളെ തകർത്തിരുന്ന സമയത്ത് പശു ഗ്രാമം പോലെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നിരവധി പേർക്ക് വരുമാന മാർഗ്ഗം ഉറപ്പാക്കാൻ ഈ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. 1പട്ടികജാതി സങ്കേതങ്ങളിൽ സംസ്കാരിക നിലയങ്ങൾ സ്ഥാപിച്ചുകൊണ്ടും തൊഴിലും വിദ്യാഭ്യാസ സൗകര്യവും മെച്ചപ്പെടുത്തികൊണ്ടും

നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഈ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞി ട്ടുള്ളതാണ്. തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 ഗ്രാമപ ഞ്ചായത്തുകൾക്കും അർഹമായ വികസന വിഹിതം നൽകി നിരവധി വിക സന പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ ബ്ലോക്ക് പഞ്ചായത്തിന് കഴി ഞ്ഞിട്ടുള്ളതാണ്. അറബിക്കടലിനും കാനോലിക്കനാലിനും ഇടയിൽ സ്ഥിതി ചെയ്യുന്ന 5 ഗ്രാമപഞ്ചായത്തുകളിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരി ഹരിക്കുന്നതിലേയ്ക്കായി വാട്ടർ കിയോസ്ക്കുകളും വട്ടർ എ.ടി.എം സ്ഥാപിച്ച് ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുള്ളതാണ്. പുതിയ അന്വേഷണങ്ങളിലൂടെ അതിന്റെ തുടർച്ചയാണ് നാം ഇത്തവണയും ആഗ്രഹിക്കുന്നത്. അത് അനുസരിച്ചുള്ള പ്രവർത്തന പദ്ധതികളാണ് ഇപ്പോൾ ആസൂത്രണം ചെയ്യുന്നത്. അതിനാവശ്യമായിട്ടുള്ള വിഹിതം ഓരോ പദ്ധതികളിലും രേഖപെടുത്തിയിട്ടുണ്ട് നീതിബോധവും ജനപക്ഷ നിലപാടും ആർജ്ജിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അത് അനുസരിച്ചുള്ള ജനകീയമായ ജനപക്ഷ പദ്ധതികളും പ്രവർത്തങ്ങളുമായി നമുക്ക് മുന്നോട്ട് പോകാം.

എന്റെ തൊഴിൽ എന്റെ അഭിമാനം - ഐ. ടി പാർക്ക്

പുതിയ കാലഘട്ടത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പുതിയ തൊഴിലും തൊഴിലിടങ്ങളും സൃഷ്ടിക്കുവാനും പുനഃരാവിഷ്കരിക്കുവാനും പ്രാദേശിക ഭരണകൂടങ്ങൾക്ക് ഉത്തരവാദിത്തം ഉള്ളതാണ്. ഏറ്റവും വലിയ വികസന വെല്ലുവിളിയായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന നയപരിപാടി നടത്തിവരുന്നുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയിലൂന്നിയുള്ള വിദ്യാഭ്യാസവും അഭിരുചികളും സമന്വയിപ്പിച്ച് ഒരു മികച്ച തൊഴിലിടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് 50000000/- (അഞ്ചുകോടി) രൂപ വകയിരുത്തി ഐ. ടി പാർക്കിന് രൂപം നൽകുന്നത്. അഭ്യസ്തവിദ്യരായ നമ്മുടെ നാട്ടിലെ യുവതീയുവാക്കളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യം വച്ചിട്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്.

പാർപ്പിട പദ്ധതി ലൈഫ്

എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി സർക്കാർ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് എന്ന പാർപ്പിട പദ്ധതി ആവിഷ്കരിക്കുകയും അതനുസരിച്ച് കേരളത്തിലെ വീടില്ലാത്തവർക്ക് വീട് നൽകുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അഞ്ച് പഞ്ചായത്തുകളെ ഏകോപിപ്പിച്ച്കൊണ്ടുള്ള പ്രസ്തുത ഭവന നിർമ്മാണ പദ്ധതിക്ക് 17600000 (ഒരു കോടി എഴുപത്തി ആറു ലക്ഷം രൂപ) ഈ ബജറ്റ് വകയിരുത്തുന്നു.

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗക്കാർക്ക് സാംസ്കാരിക നിലയങ്ങൾ പണിതു കൊണ്ടും വിവിധ തൊഴിൽ വിദ്യാഭ്യാസ ഉന്നമനത്തിനുമായി നിരവധി പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ ഈ ബ്ലോക്ക് പഞ്ചായത്ത് വിജയകരമായി നടപ്പിലാക്കി വന്നിട്ടുള്ളതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഠനമുറി പദ്ധതിക്കായി 2600000(ഇരുപത്തി ആറു ലക്ഷം രൂപ) ബജറ്റിൽ വകയിരുത്തുന്നു. പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണ പദ്ധതിയ്ക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് 1,11,88,000/- (ഒരു കോടി പതിനൊന്ന് ലക്ഷത്തി എൺപത്തി എട്ടായിരം) രൂപ വകയിരുത്തുന്നു. നാട്ടിക അബേദ്കർ കോളനി നവീകരണത്തിനായി 5,00,000/- (അഞ്ച് ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ളം ശുചിത്വം

ശുദ്ധമായ കുടിവെള്ളവും ശുചിത്വമായ ജീവിത പരിസരവും അതുവഴി ആരോഗ്യകരവുമായ ഒരു സമൂഹം സൃഷ്ടിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ 9 വാട്ടർ കിയോസ്ക്കുകളും 1 വാട്ടർ എ.ടി.എം. സ്ഥാപിച്ചിട്ടുള്ളതാണ്. കുടിവെള്ളത്തിന്റെ ദൗർലഭ്യത ഏറിവരുന്ന ഈ സാഹചര്യത്തിൽ കുടിവെള്ള സംരക്ഷണ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി 35,87,500/- (മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ) വകയിരുത്തുന്നു.

കാർഷികമേഖല

കാർഷിക മേഖലയിൽ അധിഷ്ഠിതമായ ബ്ലോക്ക് പഞ്ചായത്തിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പുഷ്പകൃഷി, കരനെൽ കൃഷി എന്നിവ നടപ്പിലാക്കുന്നതിനും തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വനിതാ ഗ്രൂപ്പുകൾക്ക്പച്ചക്കറി കൃഷി ആരംഭിക്കുന്നതിനുമായി 3000000(മുപ്പത് ലക്ഷം രൂപ) ബഡ്ജറ്റിൽ വകയിരുത്തുന്നു.

ആരോഗ്യമേഖല

ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളാൽ കേരളം ലോകത്തിനാകെ മാതൃകയായിരിക്കുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യ സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളേയും ജനകീയമായി പുന:സംഘടിപ്പിച്ച് ജനസൗഹൃദ മാതൃകാ സ്ഥാപനങ്ങളായി മാറ്റേണ്ടതായിട്ടുണ്ട് തീരദേശ മേഖലയിലെ ജനങ്ങൾ ജില്ല ആശുപത്രി, താലൂക്ക് ആശുപത്രി, എന്നിവ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വലപ്പാട്, വാടാനപ്പിള്ളി സി.എച്ച്.സി കളെയാണ് എകദേശം ആയിരത്തോളം രോഗികൾ ചികത്സ തേടി ഇവിടെ വന്ന് ചേരുന്നുണ്ട്. രോഗികൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനും ആശുപത്രിയുടെ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾക്കും, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിലേയ്ക്കായി 1,53,06,000/- (ഒരുകോടി അൻപത്തിമൂന്ന് ലക്ഷത്തി ആറായിരം) രൂപ വകയിരുത്തിയിരിക്കുന്നു.

പശ്ചാത്തല സൗകര്യവികസനം

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെയും ഘടക സ്ഥാപനങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോട് കൂടിയ ഓഫീസ് കെട്ടിട നിർമ്മാണത്തിനും ബ്ലോക്ക് റീഹാബിലിറ്റേഷൻ സെന്റർ,അംഗൻവാടി കെട്ടിടം,ബയോ ടോയലെറ്റ്, ടോയെലെറ്റ് കോംപ്ലക്സ്,എന്നിവയുടെ നിർമ്മാണത്തിനും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പഞ്ചായത്തുകളുടെ റോഡ് നിർമ്മാണം, റോഡ് നിർമ്മാണത്തിന് പഞ്ചായത്തിന് വിഹിതം നൽകൽ, കാനകളുടെയും തോടുകളുടെയും സംരക്ഷണവും വികസനവും തുടങ്ങിയ പദ്ധതികള് ഏറ്റെടുത്തുകൊണ്ട് 10388500/-(ഒരു കോടി മുന്നുലക്ഷത്തി എൺപത്തി എണ്ണായിരത്തി അഞ്ഞൂറ്) രൂപ പശ്ചാത്തല വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.

മൃഗസംരക്ഷണം ക്ഷീരവികസനം

കാലിത്തീറ്റ വിലവർദ്ധന, പോഷകാഹാര ലഭ്യതകുറവ്, സമഗ്ര കന്നുകാലി ഇൻഷുറൻസിന്റെ അഭാവം എന്നിവ ക്ഷീരമേഖലയെ തകർക്കുന്ന പ്രധാന കാരണങ്ങളാണ്. ക്ഷീരമേഖലയെ കരുത്താർജ്ജിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി തുടങ്ങിയ ഇനത്തിലുമായി 2000000/- (ഇരുപത് ലക്ഷം രൂപ) ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വനിതാവികസനം

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കും സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോട് കൂടി വനിതാ ഗ്രൂപ്പുകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ്പ സബ്സിഡി ഇനത്തില് 1500000(പതിനഞ്ച് ലക്ഷം രൂപ) ഈ ബജറ്റിൽ വകയിരുത്തുന്നു.

ടൂറിസം മേഖല

ടൂറിസം മേഖലക്ക് വിപുലമായ സാധ്യതകളുള്ള ഒരു ബ്ലോക്ക് പഞ്ചായത്താണ് നമ്മുടേത്. ബ്ലോക്ക് പരിധിയിൽ വരുന്ന അഞ്ചു പഞ്ചായത്തുകളും വ്യത്യസ്തങ്ങളായ ഭൂപ്രദേശങ്ങളുടേയും ഹരിത ഭംഗിയുടെയും തീര സൗന്ദര്യത്തിന്റെയും, വൈവിധ്യമാർന്ന ചരിത്ര സാംസ്കാരിക സവിശേഷതകളുടെയും ആവാസഭൂമിയാണ്. പുതിയ കാലഘട്ടത്തിലെ ടൂറിസം സാധ്യതകൾ മനസ്സിലാക്കി ഓരോ പഞ്ചായത്തിന്റെയും സാധ്യതകളെ ഉപയോഗപ്പെടുത്തി ഗ്രാമ ജില്ലാ പഞ്ചായത്തുകളുടെയും ടൂറിസം വകുപിന്റെയും സഹകരണത്തോടുകൂടി ടൂറിസം പ്രവർത്തനങ്ങള് തുടങ്ങുന്നതിന് നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് മുഖ്യപരിഗണന നൽകുന്നുണ്ട്. ടൂറിസമേഖലയ്ക്കായി ബജറ്റിൽ 5,00,000/- (അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു.

ഭരണഘടന വിജ്ഞാനം - അവബോധം

ഭരണഘടന മൂല്യങ്ങളെ കുറിച്ച് സമൂഹത്തിന് അറിവ് പകരുന്നതിന് വരും തലമുറയെ ഭരണഘടനാ ബോധമുള്ള ഉത്തമ പൗരന്മാരായി വളർത്തിയെടുക്കാനുമുള്ള ശ്രമങ്ങൾക്ക് കരുത്ത് പകരേണ്ടത് ഏവരുടെയും കടമയാണ്. ഒരു പ്രാദേശിക ഭരണകൂടം എന്ന നിലയിൽ അതിന്റെ പരിമിതികൾക്ക് അപ്പുറത്തുനിന്നു എല്ലാവർക്കും ഭരണഘടന സാക്ഷത കൈവരിക്കുന്നതിനുള്ള ഘട്ടം ഘട്ടമായുള്ള പ്രവർത്തങ്ങൾക്കായി ഈ ബഡ്ജറ്റ് പരിഗണന നൽകുന്നു. പ്രസ്തുത പ്രവർത്തനത്തിനായി 4,00,000/- (നാല് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

സ്ത്രീ സുരക്ഷ സ്വയം പ്രതിരോധം

സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ച് വരുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ആക്രമണങ്ങളെ സ്വയം പ്രതിരോധിക്കാൻ സ്ത്രീകളെ സ്വയം പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി ആയോധന കലാ-യോഗ പരിശീലനവും കൗൺസിലിങ്ങും ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പരിഗണന നൽകിവരുന്നുണ്ട്. പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി 3,00,000/- (മൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു.

സ്പോർട്സ്

ഇന്ത്യൻ കായിക ലോകത്തിന് വളരെയേറെ മികച്ച കായിക താരങ്ങളെ സംഭാവന ചെയ്യാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കായിക അഭിരുചിയുള്ളവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പരിധിയില് വരുന്ന അഞ്ച് പഞ്ചായത്തുകളിൽ നിന്നുമായി ഫുട്ബോളിൽ താൽപര്യമുള്ള കായിക താരങ്ങളെ കണ്ടെത്തി ബ്ലോക്ക് തലത്തിൽ വനിതാ/പുരുഷ ടീമിനെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതിനായി ഈ ബജറ്റ് പരിഗണന നൽകുന്നുണ്ട്. പരിശീലനത്തിലേയ്ക്കായി 4,00,000/- (നാല് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

ഭിന്നശേഷിക്കാർക്കായി - തൊഴിൽ സംരംഭം- കലാസംഘം രൂപീകരണം

സമൂഹത്തിന്റെ കരുതലും സംരക്ഷണവും അർഹിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കും തൊഴിൽ സംരംഭം ലക്ഷ്യമാക്കി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 5000000/-(അമ്പത് ലക്ഷം) രൂപ വകയിരുത്തുന്നു. ഭിന്നശേഷിവിഭാഗക്കാരിൽ മികച്ച കലാകാരന്മാർ നിരവധിപേരാണ് ഉള്ളത്. അവരുടെ കലാ അഭിരുചി തിരിച്ചറിഞ്ഞ് പ്രത്യേക പരിശീലനം നൽകി ബ്ലോക്ക് തലത്തിൽ ഭിന്നശേഷി കലാസംഘ രൂപീകരണത്തിന് ബജറ്റിൽ പരിഗണന നൽകിയിട്ടുണ്ട്. കലാ സംഘ രൂപീകരണത്തിനായി 3,00,000/- (മൂന്ന് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം

മത്സ്യതൊഴിലാളികളുടെ പുരോഗതി ലക്ഷ്യമാക്കി മത്സ്യബന്ധനത്തിനാവശ്യമായ ഉപകരണങ്ങൾ വായ്പാ ബന്ധിതമായി വാങ്ങുന്നതിലേക്കായി സബ്സിഡി നൽകുന്നതിനായി 250000/-(രണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപ വകയിരുത്തുന്നു.

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്
കരട് ബജറ്റ് 2024-25
പ്രാരംഭ ബാക്കി (01.02.2024 പ്രകാരം)

ക്രമ നമ്പർ	ഇനം	പ്രാരംഭ ബാക്കി
1	തനത് ഫണ്ട്	85359
2	ജനറൽ പർപ്പസ് ഗ്രാന്റ്	898773
3	പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം-ഗ്രാമപഞ്ചായത്ത്	560197
4	സമ്പൂർണ്ണ ശുചിത്വ ഫണ്ട്	141680
5	പിഎംഎവൈ ബ്ലോക്ക് വിഹിതം	4456485
	ആകെ	**6142494**

വരവുകൾ

ഹെഡ് കോഡ്	ഇന വിവിരം	തുക
130 10 01	കെട്ടിട വാടക	125000
150 11 01	ഫോറം വില (ടെണ്ടർ ഫോറവില)	15000
171 10 01	വാട്ടർ എ.ടി.എം ൽ നിന്ന് വരവ്	34200
	ബാങ്ക്നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	375000
	മറ്റ് വരവുകൾ (എം.പി.എൽ.എ.ഡി, എം.എൽ.എ.എസ്.ഡി.എഫ്, എൻ.സി.എഫ്.ആർ.ഡബ്ല്യൂ)	52500000
	ജനറൽ പർപ്പസ് ഫണ്ട്	7917000

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും

320 10 01	പി.എം.എ.വൈ	2400000
	എം.ജി.എൻ.ആർ.ഇ.ജി.എസ്	250000000

വികസന ഫണ്ട്

320 20 01	ജനറൽ	28393000
	എസ്.സി.പി	14188000
	ടൈഡ് ഗ്രാൻഡ്	7175000
	ബേസിക് ഗ്രാൻഡ്	4783000
320 20 02	പി.എം.എ.വൈ ജില്ലാ -ഗ്രാമപഞ്ചായത്ത് വിഹിതം	3360000
	മെയിന്റിനൻസ് ഗ്രാന്റ് (റോഡിതരം)	18867000
വരവ് ആകെ		390132200
പ്രാരംഭ ബാക്കി		6142494
ആകെ വരവ്		396274694

ചെലവുകൾ

റവന്യൂ ചെലവുകൾ

ഹെഡ് കോഡ്	ഇനം	തുക
	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	
210 10 01	ശമ്പളം, കൂലി	1700000
210 10 03	ബോണസ്	15000
210 20 01	ഔദ്യോഗിക വാഹന ഡ്രൈവർമാരുടെയാത്രാബത്ത	54000
210 20 03	ജനപ്രതിനിധികൾക്കുള്ള ഓണറേറിയം	1700000
	ജനപ്രതിനിധികളുടെ യാത്രാബത്ത	65000
210 20 04	ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	150000
	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ആകെ	**3684000**
	ഭരണ ചെലവുകൾ	
220 11 01	ഓഫീസ് ചെലവുകൾ	535000
220 20 01	അച്ചടിയും സ്റ്റേഷനറിയും	215000
220 40 14	വാഹനങ്ങളുടെ ഇൻഷ്വറൻസ്	33000
220 71 01	അസാധാരണ ചെലവുകൾ	325000
220 80 01	പലത്തി ചെലവുകൾ	1100000
	ഭരണ ചെലവുകൾ ആകെ	2208000
	സംരക്ഷണവും നടത്തിപ്പു ചെലവുകൾ	
230 10 01	വൈദ്യുതി ചെലവുകൾ	125000
230 10 02	ഡീസൽ പെട്രോൾ ഓയിൽ ലൂബ്രിക്കന്റ്	450000
230 40 01	വാഹന വാടക	250000
230 50 09	ഇംഗാ ആസ്തികളുടെ അറ്റകുറ്റപണികൾ/മറ്റ് മെയിന്റനൻസുകൾ	525000
	സംരക്ഷണവും നടത്തിപ്പും ചെലവുകൾ ആകെ	**1350000**
	പലിശയും അനുബന്ധ ചെലവുകളും	
240 70 01	ബാങ്ക് ചാർജ്ജ് നൽകൽ	1500
240 80 01	ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ	2500
	പലിശയും അനുബന്ധചെലവുകളും ആകെ	4000
	പി.എം.എ.വൈ/ സംയുക്ത പ്രോജക്ട്	
260 30 01	പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം- ഗ്രാമപഞ്ചായത്ത്	3360000
160 30 20	പി.എം.എ.വൈ കേന്ദ്ര വിഹിതം	2400000
	പി.എം.വൈ/സംയുക്ത പ്രോജക്ട് ചിലവുകൾ ആകെ	**5760000**

	മറ്റ് ചെലവുകൾ	
	മറ്റ് ചെലവുകൾ (എം.പി.എൽ.എ.ഡി, എം.എൽ.എ.എസ്.ഡി.എഫ്, എൻ.സി.എഫ്.ആർ.ഡബ്ലൂ)	52500000
	എം.ജി.എൻ.ആർ.ഇ.ജി.എസ്	25000000
260 10 04	ടൈഡ് ഗ്രാൻഡ് (സാനിട്ടേഷൻ)	3587500
260 10 10	ബേസിക് ഗ്രാൻഡ്	4783000
	മറ്റു ചിലവുകൾ ആകെ	**310870500**
	വികേന്ദ്രീകൃതാസൂത്രണ ചെലവുകൾ മേഖല അടിസ്ഥാനത്തിൽ	
	ഉൽപാദന മേഖല ചെലവ്	8019400
	സേവന മേഖല ചെലവ്	32520400
	പശ്ചാത്തല മേഖല ചെലവ്	2041200
	പ്ലാൻ ചെലവുകൾ ആകെ	**42581000**
	മേഖല വിഭജനത്തിൽപ്പെടാത്തത്	
260 10 04	ടൈഡ് ഗ്രാൻഡ് കുടിവെള്ളം - അനുബന്ധപ്രോജക്ടുകൾ	3587500
	മേഖല വിഭജനത്തിൽപ്പെടാത്തത് ആകെ	**3587500**
	മെയിന്റനൻസ് പ്രവർത്തികൾ	
	മെയിന്റിനൻസ് പ്രവർത്തികൾ	18867000
	മെയിന്റിനൻസ് പ്രവർത്തന ചെലവുകൾ ആകെ	**18867000**
	ആകെ വരവുകൾ	**396274694**
	ആകെ ചിലവുകൾ	**388912000**
	നീക്കിയിരുപ്പ് തുക	**7362694**

ഉപസംഹാരം

2024-25 സമ്പത്തിക വർഷത്തിൽ 396274694/- (മുപ്പത്തിഒൻപത് കോടി അറുപത്തി രണ്ടു ലക്ഷത്തി എഴുപ്പത്തിനാലയിരത്തി അറുനൂറ്റി തൊണ്ണൂറ്റി നാല്) രൂപ വരവും 388912000/- (മുപ്പത്തി എട്ട് കോടി എൺപത്തി ഒൻപത് ലക്ഷത്തി പന്ത്രണ്ടായിരം) രൂപ ചിലവും 7362694/- (എഴുപ്പത്തി മൂന്ന് ലക്ഷത്തി അറുപത്തരണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റി നാല്) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഒരു സമ്പൂർണ്ണ ബജറ്റ് ആണ് ഇവിടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

2023-24 സമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതവും ആസ്തി സംരക്ഷണ ഫണ്ടും മറ്റു ഫണ്ടുകളും പൂർണ്ണമായി ചിലവഴിച്ച് ഒരു മാതൃകാ ബ്ലോക്ക് പഞ്ചായത്ത് ആയി തളിക്കുളം ബ്ലോക്കിനെ ഉയർത്താൻ വേണ്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ബ്ലോക്ക്പഞ്ചായത്ത് ഭരണ സമിതിയും ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരും, ഘടക സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരും കൂട്ടായും ആത്മാർത്ഥമായും ഒത്തൊരുമയോടെയും കഠിനമായി പ്രവർത്തിക്കുകയാണ്. 2024-25 സാമ്പത്തിക വർഷത്തിലും ഈ നയസമീപനം തന്നെ പ്രതീക്ഷിച്ചു കൊണ്ട് ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി ഈ ബജറ്റ് സമർപ്പിക്കുന്നു.

അഡ്വ: നിമിഷ അജീഷ്
വൈസ് പ്രസിഡന്റ് &
ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്